ഉത്തരം

(എ) പുളിങ്കുന്ന് ഗ്രാമപഞ്ചായത്തിൽ പുതിയ മാവേലി സ്റ്റോർ തുടങ്ങുന്നതിനായി കണ്ടെത്തിയ കെട്ടിടം വേണ്ടത്ര സൗകര്യമില്ലാത്തതാകയാൽ ടി കെട്ടിടം ആവശ്യമായ അറ്റകുറ്റപ്പണികൾ നടത്തി മാവേലി സ്റ്റോർ തുടങ്ങുന്നതിന് അനുയോജ്യമാക്കി തരുന്നതാണ് എന്ന് പഞ്ചായത്ത് അധികാരികൾ അറിയിച്ചിട്ടുണ്ട്. അപ്രകാരം കെട്ടിടം ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) നിലംപേരൂർ ഗ്രാമപഞ്ചായത്തിൽ ഒരു റേഷൻ ഡിപ്പോ അനുവദിക്കണമെന്നുള്ള ബഹുകുട്ടനാട് എം.എൽ.എ. മുഖാന്തരം നൽകിയിട്ടുള്ള അപേക്ഷ 28-12-2010-ൽ ആലപ്പുഴ ജില്ലാ സപ്ലൈ ആഫീസിൽ ലഭിക്കുകയും ആയതിന്മേൽ അന്വേഷണം നടത്തി റിപ്പോർട്ട് നൽകുന്നതിനായി കുട്ടനാട് താലൂക്ക് സപ്ലൈ ആഫീസർക്ക് അയച്ചു കൊടുത്തിട്ടുള്ളതുമാണ്. അപേക്ഷ ഇപ്പോൾ അന്വേഷണ ഘട്ടത്തിലാണ് എന്ന വിവരം അറിയിക്കുന്നു. അന്വേഷണ റിപ്പോർട്ട് ലഭിച്ചാലുടൻ തുടർ നടപടി സ്വീകരിക്കുന്നതാണ്.

ലീഗൽ മെട്രോളജി വകുപ്പിന്റെ പുനഃസംഘടന

132(1389) ശ്രീ. കെ. ബി. ഗണേഷ് കുമാർ :

ശ്രീ. കെ. കെ. ഷാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലീഗൽ മെട്രോളജി വകുപ്പ് പുനഃസംഘടന സംബന്ധിച്ച് 2007-ൽ ശ്രീ. ടി. തങ്കപ്പൻ ഐ.എ.എസ്. സമർപ്പിച്ച റിപ്പോർട്ടിലെ ശിപാർശകൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത റിപ്പോർട്ടിന്മേൽ നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ;

(സി) ഈ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഉപഭോക്താക്കളുടെ താൽപര്യം സംരക്ഷിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ലീഗൽ മെട്രോളജി വകുപ്പിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും റവന്യൂ വരുമാനം വർദ്ധിപ്പിക്കുന്നതിനും വകുപ്പ് ശാസ്ത്രീയമായി പുനഃസംഘടിപ്പിക്കുന്നതിനും ഉള്ള ശിപാർശകളാണ് റിപ്പോർട്ടിലുള്ളത്. എൻഫോഴ്സ്മെന്റ് ഓഫീസർമാരുടെ ജോലിഭാരം ലഘൂകരിക്കുന്നതിനും കൂടുതൽ

LIBRARY ARCHIVES Kerala Legislative Assembly

കാര്യക്ഷമമായ എൻഫോഴ്സ്മെന്റ് പ്രവർത്തനത്തിനുമായി ലീഗൽ മെട്രോളജി ഓഫീസുകളിൽ ക്ലറിക്കൽ ജോലികൾ നിർവ്വഹിക്കുന്നതിനായി മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാരെ നിയമിക്കുക, ജില്ലകളിലെ ജനറൽ, ഫ്ളയിംഗ് സ്കാഡ് വിഭാഗം അസിസ്റ്റന്റ് കൺട്രോളർമാരുടെ എസ്റ്റാബ്ലിഷ്മെന്റുകൾ ഏകോപിപ്പിച്ച് ജില്ലയിലെ ആകെ താലൂക്കുകളെ തുല്യമായി വിഭജിച്ച് അധികാര പരിധി നിശ്ചയിച്ച് അസിസ്റ്റന്റ് കൺട്രോളർമാർക്ക് ഒരേ തരത്തിലുള്ള ജോലികളും ഉത്തരവാദിത്വങ്ങളും നൽകുക, എല്ലാ ജില്ലാ ഓഫീസുകളിലും ഓരോ ഇന്റേണൽ ആഡിറ്റ് ടീം രൂപീകരിക്കുക, കൺട്രോളർ ഓഫീസിൽ ഒരു ഇന്റേണൽ ആഡിറ്റ് ടീം രൂപീകരിക്കുക, എല്ലാ ജില്ലാ ഓഫീസുകളിലും ഡ്രോയിംഗ് ആന്റ് ഡിസ്ബേർസിംഗ് അധികാരത്തോടെ ഓരോ സീനിയർ സൂപ്രണ്ട് തസ്തിക, കൺട്രോളർ ഓഫീസിൽ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് തസ്തിക, പബ്ലിക് റിലേഷൻസ് ഓഫീസർ തസ്തിക, വിവിധ ക്ലറിക്കൽ വിഭാഗം ജീവനക്കാരുടെ തസ്തികകൾ എന്നിവ ഉൾപ്പെടെ 200-ൽ അധികം തസ്തികകൾ സൃഷ്ടിക്കുക ലീഗൽ മെട്രോളജി വകുപ്പിൽ എൽഡി ക്ലാർക്ക് തസ്തികയിലേക്കുള്ള നിയമനം പി.എസ്.സി. കാലാകുങ്ങളിൽ പ്രസിദ്ധീകരിക്കുന്ന പൊതുപട്ടികയിൽ നിന്നല്ലാതെ 1992-ലെ എൻഫോഴ്സ്മെന്റ് റൂൾ 20 (1)(a) യിൽ പ്രതിപാദിക്കുന്ന യോഗ്യത ഉള്ളവരിൽ നിന്നും നടത്തണമെന്നും ഇതിനാവശ്യമായ ഭേദഗതി സ്പെഷ്യൽ റൂളിൽ വരുത്തണമെന്നും, ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്ക് ക്ലറിക്കൽ തസ്തികയുടെ ഒരു നിശ്ചിത ശതമാനം സംവരണം ചെയ്യുക, ഇൻസ്പെക്ടിംഗ് അസിസ്റ്റന്റ് തസ്തിക അസിസ്റ്റന്റ് ഇൻസ്പെക്ടർ എന്ന് പുനർ നാമകരണം ചെയ്യുക, ഇൻസ്പെക്ടർ തസ്തികയുടെ 10% ഒഴിവുകൾ നിശ്ചിത യോഗ്യതയുള്ള ഇൻസ്പെക്ടിംഗ് അസിസ്റ്റന്റ്മാർക്ക് സംവരണം ചെയ്യുക തുടങ്ങിയവയാണ് പ്രധാന ശിപാർശകൾ.

(ബി&സി) പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർവ്വീസ് സംഘടനകളുമായി ചർച്ച നടത്തുകയും ലീഗൽ മെട്രോളജി വകുപ്പിൽ പ്രവൃത്തി പഠനം (Work Study) നടത്തുന്നതിന് ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിനെ ചുമതലപ്പെടുത്തുകയും ചെയ്തു. ഉപഭോക്താക്കളുടെ താൽപ്പര്യം സംരക്ഷിക്കുന്നതിനായി ലീഗൽ മെട്രോളജി വകുപ്പിൽ നടപ്പിലാക്കേണ്ട പുനഃസംഘടനയും മറ്റ് നടപടികളും സംബന്ധിച്ച ശുപാർശകളും ഉൾക്കൊള്ളുന്ന പ്രവൃത്തി പഠന (Work Study) റിപ്പോർട്ട് ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർക്കാർ നിർദ്ദേശ പ്രകാരം ലീഗൽ മെട്രോളജി കൺട്രോളർ സർവ്വീസ് സംഘടനകളുമായി ചർച്ച നടത്തുകയും റിപ്പോർട്ടിലെ ശിപാർശകളിൽ ആവശ്യമായ ഭേദഗതികൾ സർക്കാരിൽ സമർപ്പിക്കുകയും ചെയ്തു. ഇതിന്റെ അടിസ്ഥാനത്തിൽ പ്രവൃത്തി പഠന റിപ്പോർട്ടിലെ ശിപാർശകൾ നടപ്പിലാക്കുന്ന കാര്യം സർക്കാർ പരിശോധിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly